<u>15 -ാം കേരള നിയമസഭ</u>

<u>6 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2130</u> <u>01-09-2022 - ൽ മറുപടിയ്ക്ക്</u>

<u>വെന്റിലേറ്ററുകളുടെയും കിടക്കകളുടെയും എണ്ണത്തിലെ വർദ്ധന</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | 2016-22 വർഷങ്ങളിലായി ആരോഗ്യമേഖലയിൽ, പ്രത്യേകിച്ച് മെഡിക്കൽ കോളേജുകളിൽ ഐ.സി.യു. കിടക്കകളുടെയും സാധാരണ കിടക്കകളുടെയും എണ്ണം മുൻകാലത്തെ അപേക്ഷിച്ച് എത്ര ശതമാനം വർദ്ധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | **2016-22 വർഷങ്ങളിലായി മെഡിക്കൽ കോളേജുകളിൽ ഐ.സി.യു കിടക്കകളുടെയും സാധാരണ കിടക്കകളുടെയും എണ്ണത്തിൽ മുൻകാലത്തെ അപേക്ഷിച്ച് ഗണ്യമായ വർദ്ധനയാണ് ഉണ്ടായിട്ടുള്ളത്. 2016-22 കാലഘട്ടത്തിൽ ഐ.സി.യു കിടക്കകളുടെ എണ്ണം 24.67% വർദ്ധിച്ചിട്ടുണ്ട്. ഈ കാലയളവിൽ സാധാരണ കിടക്കകളുടെ എണ്ണത്തിൽ 18.54% വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്.** |
| (ബി) | വിവിധ ആശുപത്രികളിൽ വെന്റിലേറ്ററുകളുടെ എണ്ണത്തിൽ മുൻകാലങ്ങളെ അപേക്ഷിച്ചുണ്ടായിട്ടുള്ള വർദ്ധന എത്രയാണെന്ന വിവരം ലഭ്യമാക്കാമോ? | (ബി) | **മുൻകാലങ്ങളെ അപേക്ഷിച്ച് മെഡിക്കൽ കോളേജുകളിൽ വെന്റിലേറ്ററുകളുടെ എണ്ണത്തിൽ നിലവിൽ ഗണ്യമായ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. വിവിധ മെഡിക്കൽ കോളേജുകളിൽ 2016-22 കാലഘട്ടത്തിൽ 821 വെന്റിലേറ്ററുകളുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ